# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1046   01/03/2017-ൽ മറുപടിയ്ക്ക്

**ദേശീയ-സംസ്ഥാന പാതയോരത്ത് മദ്യവില്പനശാലകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.അനിൽ അക്കര<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.വി.ടി ബൽറാം | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ദേശീയ -സംസ്ഥാന പാതയോരത്ത് 2017 ഏപ്രിൽ ഒന്നിന് ശേഷം മദ്യവില്പനശാലകൾ അനുവദിക്കരുത് എന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള ബെവ്ക്കോയുടെ മദ്യവില്പനശാലകൾ മാറ്റുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാറ്റിസ്ഥാപിക്കേണ്ട ഔട്ട് ലറ്റുകൾക്കായി അബ്കാരി നിയമത്തിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതും ദേശീയ സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്ററിനപ്പുറത്തുള്ളതും ഉപഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യം ലഭ്യമാക്കുന്നതിനായി കൂടുതൽ വില്പന കൗണ്ടറുകളും സെൽഫ് ഹെൽപ്പ് പ്രീമിയം കൗണ്ടറുകളും ആരംഭിക്കുന്നതിനുമായി കൂടുതൽ സ്ഥലവിസ്തൃതിയുള്ളതുമായ കെട്ടിടങ്ങളാണ് കണ്ടെത്തുന്നത്. മാറ്റേണ്ട ഓരോ ഷോപ്പിനും പകരം 4 കെട്ടിടങ്ങൾ കണ്ടെത്തുകയും അതിൽ ഏറ്റവും അനുയോജ്യമായത് തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. |
| (ബി) ബെവ്കോയുടെ എത്ര മദ്യ വില്പനശാലകളാണ് സുപ്രീം കോടതിയുടെ വിധിപ്രകാരം പാതയോരത്തു നിന്നും മാറ്റി സ്ഥാപിക്കേണ്ടി വരുന്നത്; | (ബി) 179 എണ്ണം മാറ്റിസ്ഥാപിക്കേണ്ടിവരും. |

| | |
|---|---|
| (സി) വിമുക്തി പദ്ധതിയുടെ ഭാഗമായി തയ്യാറാക്കുന്ന ലഹരിവിമുക്തമാക്കുവാനുള്ള സ്റ്റിക്കറുകൾ എല്ലാ വീടുകളിലും എത്തിച്ച് മദ്യ ഉപഭോഗം കുറച്ചുകൊണ്ടുവരുന്നതിനേക്കാൾ നല്ലത് സുപ്രീംകോടതിവിധിയുടെ വെളിച്ചത്തിൽ നിലവിലുള്ള മദ്യവില്പനശാലകൾ അടച്ചുപൂട്ടുന്നതാണെന്ന് കരുതുന്നുണ്ടോ? | (സി) മദ്യവർജ്ജനത്തിൽ ഊന്നിയുള്ള മദ്യ നയമാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ